## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5379** **15-03-2023 - ൽ മറുപടിയ്ക്ക്**

## ലക്ചറർ ഇൻ ഹോട്ടൽ മാനേജ്മെന്റ് തസ്തിക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കോളീജിയേറ്റ് എഡ്യൂക്കേഷൻ വകുപ്പിനായി കേരള പി.എസ്.സി. കാറ്റഗറി നമ്പർ 34/2015 പ്രകാരം വിജ്ഞാപനം ചെയ്ത ലക്ചറർ ഇൻ ഹോട്ടൽ മാനേജ്മെന്റ് തസ്തികയ്ക്ക് യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭ്യമായിട്ടുണ്ടോ; പ്രസ്തുത തസ്തിക പുനർവിജ്ഞാപനം ചെയ്യപ്പെട്ടിട്ടുണ്ടോ; യു.ജി.സി.തസ്തികയിലെ പ്രസ്തുത തസ്തികയ്ക്ക് യോഗ്യതയിൽ ഇളവ് നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (എ) | കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ലക്ചറർ ഇൻ ഹോട്ടൽ മാനേജ്മെന്റ് തസ്തികയ്ക്ക് കാറ്റഗറി നമ്പർ 34/2015 വിജ്ഞാപന പ്രകാരം യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭിച്ചിരുന്നില്ല; പ്രസ്തുത തസ്തികയ്ക്ക് പുനർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. യു.ജി.സി. സ്കെയിലിലെ പ്രസ്തുത തസ്തികയ്ക്ക് യോഗ്യതയിൽ ഇളവ് നൽകിയിട്ടില്ല. കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ലക്ചറർ ഇൻ ഹോട്ടൽ മാനേജ്മെന്റ് തസ്തികയുടെ നിശ്ചിത യോഗ്യതകളിൽ ഒന്നായ ബന്ധപ്പെട്ട വിഷയത്തിലുള്ള നെറ്റ്/ പി.എച്ച്.ഡി യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ ലഭിക്കാത്തതിനാലും, ഹോട്ടൽ മാനേജ്മെന്റ് വിഷയത്തിൽ യുജിസി നെറ്റ് പരീക്ഷ നടത്തുന്നില്ല എന്നതിനാലും സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തിയാൽ മാത്രമേ തെരെഞ്ഞെടുപ്പ് നടപടികൾ പൂർത്തിയാക്കാൻ കഴിയൂ എന്നതിനാലും പ്രസ്തുത തസ്തികയുടെ യോഗ്യതയിൽ ഇളവു വരുത്തുന്ന വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ